File No.LSGD-IA1/304/2020-LSGD

6510-D1

"ഭരണഭാഷ- മാതൃഭാഷ"

STATE POVERTY ERADICATION MISSION * KUDUMBASHREE * GOVT OF KERALA *
24 AUG 2021

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ജനകീയ ഹോട്ടലുകൾക്ക് പി. ഡബ്ല്യു. ഡി. നിരക്കിനേക്കാൾ 50% അധികം വരെ വാടക തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കാവുന്നതാണെന്ന് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1567/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം. 13/08/2021

---

പരാമർശം:-

1. 06.03.2020 തീയതിയിലെ സ.ഉ(കൈ)നം. 45/2020/തസ്വഭവ
2. 12.02.2021 തീയതിയിലെ സ.ഉ(സാധാ)നം. 400/2021/തസ്വഭവ.
3. 17.02.2021 തീയതിയിൽ ബഹു.ധനകാര്യ വകുപ്പ മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗതീരുമാനം
4. 22.02.2021 തീയതിയിലെ സ.ഉ(സാധാ)നം. 522/2021/തസ്വഭവ.

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ 100 ദിന പദ്ധതിയുടെ ഭാഗമായി പരാമർശം (1) ലെ ഉത്തരവ് പ്രകാരം ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം മേൽ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവായി. ജനകീയ ഹോട്ടലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ഹോട്ടലുകൾ ആരംഭിക്കുന്നതിൽ നേരിടുന്ന തടസ്സങ്ങൾ ദൂരീകരിക്കുന്നതിനുമായി പരാമർശം 3-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനകീയഹോട്ടലുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പരാമർശം 4 പ്രകാരം തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി.

പരാമർശം 3 യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 4 ഉത്തരവിന്റെ തുടർച്ചയായി ജനകീയ ഹോട്ടലുകൾക്ക് പി.ഡബ്ല്യു.ഡി. നിരക്കിനേക്കാൾ 50% അധികം വരെ വാടക തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കാവുന്നതാണെന്ന് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

# File No.LSGD-IA1/304/2020-LSGD

അക്കൗണ്ടന്റ് ജനറൽ(ഇ& ആർ.എസ്.എ/ജി.എസ്.എസ്.എ), കേരള,
തിരുവനന്തപുരം.

എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും( പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തപുരം മുഖേന)

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.(എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,
തിരുവനന്തപുരം മുഖേന)

ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ